# ചുരുക്കം

നമ്മുടെ യാത്രയുടെ ആരംഭദിശയിൽ ദൈവസ്വഭാവം അന്വേഷിക്കുന്നതു എത്ര ധീരത പ്രകടമാക്കുന്നതാണ് എന്ന് നാം പറഞ്ഞതു ഓർമ്മിക്കുമല്ലോ. മാർഗ്ഗമദ്ധ്യേ പ്രബലമായ വെല്ലുവിളികൾ ഉണ്ടെങ്കിലും, ദീർഘമായ സാഹസിക പര്യടനത്തിൽ, നാം ഒരുമിച്ചു പുരോഗതി കൈവരിക്കുകയുണ്ടായി. സൃഷ്ടിയിൽ ദൈവവും, അവന്റെ പുത്രനും, തിരുവെഴുത്തും വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ നാം നമ്മുടെ ശ്രമത്തിൽ ഒരു പുരോഗതിയും കൈവരിക്കുകയില്ല എന്നു പറയട്ടെ. ദൈവം തന്നെക്കുറിച്ചു വെളിപ്പെടുത്താത്തതു നമുക്ക് അറിഞ്ഞുകൂടാ - കാലം! ഇതു ശക്തമായും രണ്ടു വസ്തുതകളെ ബോധ്യപ്പെടുത്തുന്നു. ഒന്ന്, അവന്റെ സഹായം കൂടാതെ അവനെക്കുറിച്ചു അറിയുവാൻ നമുക്കു സാധ്യമല്ല. രണ്ട്, സൃഷ്ടിമുതൽ, ഒരു ദൈവം ഉണ്ടെന്ന അറിവു നമുക്കു ആത്മവിശ്വാസം പകരുന്നു. ദൈവം എങ്ങനെ ആണെന്നും, നാം എങ്ങനെ ആകണമെന്നും എന്തു ചെയ്യണമെന്നും അവൻ ആഗ്രഹിക്കുന്നുണ്ട്. നാം ഒരുമിച്ചു നടത്തുന്ന വിപുലമായ ബൈബിൾ പഠനത്തിൽ അതിനെ വിശദീകരിക്കുന്നുണ്ട്.

ദൈവത്തിന്റെ പിതാവു എന്ന ബഹുവിധമായ പങ്ക് അറിഞ്ഞപ്പോൾ, എനിക്ക് ഉണ്ടായ വിസ്മയവും ആശ്ചര്യവും നിങ്ങൾക്കും ഉണ്ടായി കാണും. നമ്മുടെ യാത്രയിൽ സമയത്തിന്റെ അതിരുകളിലേക്കു തിരിഞ്ഞാൽ, നമ്മുടെ കാഴ്ച്ചകളിൽ ദൈവത്തെ, നിത്യപിതാവു, സൃഷ്ടിപരമായ പിതാവു, സർവ്വത്ര പിതാവു, തിരഞ്ഞെടുക്കുന്ന പിതാവു, ആത്മിയ പിതാവായും നാം കണ്ടു.

ആദ്യം തൊട്ടു ഏദെൻ തോട്ടത്തിലെ പുരുഷനും സ്ത്രീക്കും - സൃഷ്ടികൾക്ക് അവരുടെ പിതാവിന് ഒപ്പം വിശുദ്ധമായ പൂർണ്ണത ഉണ്ടായിരുന്നതു നമ്മുടെ ഉറ്റു - നോട്ടത്തിൽ കാണുന്നതു നമ്മുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കും, അവർ ദൈവത്തോടു അനുസരണക്കേടുകാണിച്ചപ്പോൾ, അവരെ തോട്ടത്തിൽ നിന്നു പുറത്താക്കിയതും അനന്തരഫലമായി അവർ ദൈവത്തിൽ നിന്നു അകന്നുപോയതും നമ്മുടെ ഹൃയങ്ങളെ വേദനിപ്പിക്കും. വീണുപോയ മനുഷ്യരെ വീണ്ടെടുക്കുവാൻ ദൈവത്തിന്റെ ക്ഷമയുള്ള പ്രവർത്തനം നമ്മുടെ ആത്മാക്കൾ നവീകരിക്കപ്പെടും. അനിയന്ത്രിതമായ അഴിമതികൾ ഉണ്ടായിട്ടും, നോഹയാലും പെട്ടകത്താലും നീതിമാന്മാരായ കുറെ ആത്മാക്കളെ ദൈവം രക്ഷിച്ചു. ദൈവം തന്റെ മഹത്തായ പദ്ധതിയിൽ അബ്രഹാമിനെ വിളിച്ചു അവൻ മുഖാന്തരം തന്റെ ജനത്തെ ഒരു പുതിയദിശയിലേക്കു നയിച്ചു (ഗലാത്യർ 3:6-9). മോശെയിൽ കൂടെ ദൈവം തന്റെ ജനത്തെ സംരക്ഷണം ചെയ്യുന്നതു ന്യായപ്രമാണത്തിലൂടെയാണ്, അതു ക്രിസ്തു എന്ന മശിഹ, വരുന്നതുവരെ ആയിരുന്നു (ഗലാത്യർ 3:23-25).

പിന്നെ ദൈവത്തിന്നു പ്രത്യേകമായി ജനിച്ച മകൻ ലോകത്തിലേക്കു വന്നതു നാം കണ്ടു. ദൈവത്തിന്റെ "കാലസമ്പൂർണ്ണത," വന്നപ്പോൾ അവന്റെ പുത്രൻ നട്ടുച്ചക്കുള്ള സൂര്യന്റെ പ്രകാശത്തേക്കാൾ ശോഭയോടു കൂടി ഭൂമിയിലേക്കു വന്നു, അവന്റെ തേജസ്സു, ആനന്ദവും, ദൈവത്തിനു ബോധ്യപ്പെടുത്തുന്നതുമായിരുന്നു, ലോകത്തിന്റെ പാപങ്ങൾക്കു വേണ്ടി യാഗം ആയി, അവനെത്തന്നെ വിശുദ്ധവും, നീതിയും ഉള്ളയാഗമായി അർപ്പിച്ചപ്പോൾ സൂര്യപ്രകാശം ഇരുണ്ടുപോയി (മർക്കൊസ് 15:33). ആ കാഴ്ച്ച വ്യക്തവും, ഉള്ളിലേക്കു ഇറങ്ങുന്നതും, ആയിട്ടാണ് "മറുലോകത്തുള്ളവർക്ക്" പ്രത്യേകിച്ചു അതുകണ്ട് യേശുവിന്റെ മരണം കണ്ട് ശതാധിപൻ പോലും പറഞ്ഞതു, "ഈ മനുഷ്യൻ വാസ്തവമായും ദൈവപുത്രൻ ആയിരുന്നു!" (മർക്കൊസ് 15:39).

നാം നടത്തിയതു അവിശ്വസനീയമായ യാത്രയായിരുന്നു. ഒടുവിൽ, നാം, ദൈവത്തെ നസ്രേത്തുകാരനായിരുന്ന യേശുവിന്റെ ആത്മിയപിതാവായി വരച്ചു കാണിച്ചതു നാം കണ്ടു – പക്ഷെ അതു കഥയുടെ അവസാനമാണോ? യേശു ഭൂമിയിലേക്കു വന്നതു ദൈവം അവന്റെ ആത്മിയപിതാവാണെന്നു കാണിപ്പാൻ മാത്രം ആയിരുന്നോ? നമ്മുടെ വലിയ ആത്ഭുതത്തിനും പുകഴ്ച്ചക്കും യോഗ്യമായ മനസ്സ് – അമ്പരപ്പിക്കുന്ന ഒന്നാണ്. എങ്ങനെയായാലും, ഇതു നമ്മുടെ മനസ്സുകളെ വികസിപ്പിക്കുകയും നന്ദികൊണ്ട് ആത്മാക്കളെ ആഹ്ലാദിപ്പിക്കുന്നതുമാണ്. യേശുവിന്റെ ആത്മിയ പിതാവായ ദൈവം തന്റെ പുത്രനെ നമുക്കു വേണ്ടി യാഗം അർപ്പിച്ചതുകൊണ്ട്, നമുക്കും ദൈവം *നമ്മുടെ* ആത്മിയ പിതാവായി കിട്ടി, അതു നമുക്കു വേണ്ടി ദൈവം ചെയ്ത പ്രവൃത്തിയുടെ ഉച്ചസ്ഥായിയായി. കാലം ഉള്ളേടത്തോളം ഇതിനേക്കാൾ വലിയ പ്രവൃത്തി വരുവാനില്ല. വരുവാനുള്ള നൂറ്റാണ്ടുകളിൽ, ബൈബിളിനെപോലെ മറ്റൊരു പുസ്തകമോ പിതാവായി മറ്റൊരു പങ്കോ ഉണ്ടാകുകയില്ല, ക്രിസ്തീയ യുഗത്തിലാണ്, ദൈവത്തിന്റെ മഹത്തായ വീണ്ടെടുപ്പുപദ്ധതി പരിപൂർണ്ണമായി നാം അനുഭവിക്കുന്നത്. അതു അതിശയിപ്പിക്കുന്ന പദ്ധതിയാണ്. അതു ദൈവത്തിന്റെ നിരപ്പാക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. ലോകം സൃഷ്ടിക്കുന്നതിനു മുമ്പു തന്നെ ക്രിസ്തുവിൽ ഇതിന്റെ പൂർത്തീകരണം ദൈവം കണ്ടു.

> നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിനു, അവൻ ലോകസ്ഥാപനത്തിനു മുമ്പെ, നമ്മെ അവനിൽ തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദ പ്രകാരം യേശു ക്രിസ്തു മുഖാന്തരം, നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നല്കിയതിന്റെ കൃപാ, മഹത്വത്തിന്റെ പുകഴ്ച്ചക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കയും ചെയ്തുവല്ലൊ (എഫെസ്യർ 1:4–6).

സ്നേഹിക്കുന്ന കൃപാലുവായ ദൈവത്തിന്റെ, എത്ര മഹത്തായ പ്രവൃത്തിയാണത്! അവൻ നമുക്കു തന്റെ മക്കൾ ആകുവാനുള്ള ഒരു വഴി ഒരുക്കി. അവൻ നമ്മുടെ ആത്മിയ പിതാവാകുവാൻ ആഗ്രഹിക്കുന്നു. അവൻ മനുഷ്യരെ വിശുദ്ധമായി ആദ്യം സൃഷ്ടിച്ചതു പോലെ, അവൻ നമ്മെ വീണ്ടും സൃഷ്ടിക്കുവാൻ താല്പര്യപ്പെടുന്നു. നാം അവന്റെ ഭവനത്തിൽ ആകുവാൻ ആഗ്രഹിക്കുന്നു. നാം "വീട്ടിലേക്കു ചെല്ലുവാൻ" അവൻ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ കൃപയാലുള്ള ഈ സൗഹൃദസമീപനത്തോടു നാം എങ്ങനെ പ്രതികരിക്കുന്നു? തുലനം ചെയ്യാനാകാത്ത സ്നേഹഭാവം ആയ - യേശുക്രിസ്തുവിനെ സ്വീകരിച്ചുകൊണ്ടാണ് (യോഹന്നാൻ 8:24). അവൻ ദൈവ പുത്രനാണെന്നു വിശ്വസിച്ചു, മാനസ്സാന്തരപ്പെട്ടു അവനിലേക്കു തിരിയണം (ലൂക്കൊസ് 13:1–5) പിന്നെ, പാപങ്ങളുടെ മോചനത്തിനായി ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുന്നതു (മത്തായി 28:18–20; പ്രവൃത്തികൾ 2:38, 39) ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണ്, ഇത്തരത്തിൽ നാം *നമ്മുടെ* ആത്മിയപിതാവായ ദൈവമുൻപാകെ അംഗീകരിക്കപ്പെടുന്നു (മത്തായി 10:32, 33). ക്രിസ്തുവിൽ നാം ദൈവത്തിന്റെ "പുതിയ സൃഷ്ടികൾ" ആകുന്നു.

> ഒരുത്തൻ ക്രിസ്തുവിൽ ആയാൽ, അവൻ *പുതിയ സൃഷ്ടിയാകുന്നു;* പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ, അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു, ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ, ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു. (2 കൊരിന്ത്യർ 5:17–19; എംഫസിസ്മൈൻ).

മാറ്റം നടത്തി. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു യാഗമായി നല്കിയ മഹത്തായ പൂർത്തീകരണമായി. ദൈവം നല്കുന്ന "ലോകത്തെ ക്രിസ്തുവിൽ നിരപ്പിക്കുന്നത്," നാം സ്വീകരിക്കുമ്പോൾ ദൈവം നമ്മുടെ ആത്മിയ പിതാവായി തീരുന്നു. നമ്മുടെ നിത്യ ലക്ഷ്യത്തിന്റെ എത്ര മഹത്തായ സാഹചര്യമാണത്! പരമോന്നതനായ ദൈവം നമ്മുടെ ആത്മിയ പിതാവും, യേശു നമ്മുടെ രക്ഷിതാവും, സഹോദരനും, സ്നേഹിതനും, ആയി സകല സൗരയൂഥത്തിലും ബുദ്ധിയുള്ളവരായി നാം ദൈവത്തിന്റെ ഏറ്റവും ഉയർന്ന ജ്ഞാനപ്രവൃത്തികളിൽ - പങ്കുള്ളവരായി തീർന്നു എഫെസ്യർ 3:10–12 പറയുന്നു,

> അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ, യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭ മുഖാന്തരം അറിയാമായിരുന്നു. അവനിൽ ആശ്രയിച്ചിട്ടു അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്.


© 2009 Truth for Today